# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 901 — 20.03.2013 -ൽ മറുപടിക്ക്.

## ബാലവേല

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ബാലവേല തടയുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;<br><br>(ബി) പ്രസ്തുത കേസ്സുകളിൽ എത്ര എണ്ണത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചു; | (എ) & (ബി) | ഒന്ന്. പ്രസ്തുത കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. |
| (സി) ബാലവേല തടയുവാൻ നടപ്പിലാക്കുന്ന നൂതന പരിശോധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | കേരളത്തിൽ എല്ലാ തൊഴിൽ മേഖലകളിലും ബാലവേല നിരോധിച്ചിട്ടുണ്ട്. ബാലവേല തടയുന്നതിനായി അസിസ്റ്റൻറ് ലേബർ ഓഫീസർമാർ ചൈൽഡ് ലേബർ ആക്ടനുസരിച്ചുള്ള വ്യക്തിഗത പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. കൂടാതെ ചൈൽഡ് ലൈൻ പ്രവർത്തകരുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും വ്യവസായ മേഖലകളിലും ബാലവേല കണ്ടെത്താൻ സാധ്യതയുള്ള അന്യ സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന മേഖലകളും കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നുണ്ട്. 24 മണിക്കൂർ ഹെൽപ്പ് ലൈൻ നമ്പർ പ്രവർത്തിക്കുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ ബാലവേല തടയുന്നതുമായി ബന്ധപ്പെട്ട പൊതുജന ബോധവൽക്കരണം ലക്ഷ്യമാക്കി ഫ്ലെക്സ് ബോർഡുകളും, സ്റ്റിക്കറുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം ബാലവേല നിരോധിക്കുന്നതിനായി കോർ കമ്മിറ്റിയും സ്റ്റേറ്റ് ലെവൽ |

മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.

| | |
|---|---|
| (ഡി) ഇതുമായി ബന്ധപ്പെട്ട കേസ്സുകളിൽ എത്ര അന്യ സംസ്ഥാന കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട് ? | (ഡി) ഒന്ന്. |

സെക്ഷൻ ആഫീസർ.